**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.09.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ്ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2660/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം:17.10.2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1) എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.09.2018-ലെ 1-ാം നമ്പർ തീരുമാനം.
2) എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.10.2018-ലെ ബി3-3932/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ കോട്ടപ്പുറം വില്ലേജിൽ സർവ്വേ നമ്പർ 293/3-ൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ ടവർ നിർമ്മിക്കുന്നതിനുള്ള അപേക്ഷ, എഞ്ചിനീയറിംഗ് വിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, നിയമാനുസൃതം 27.06.2018-ൽ പെർമിറ്റ് നൽകിയിരുന്നു. ഇതിനെതിരെ കുണ്ടന്നൂർ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉരുൾപ്പൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങളായതിനാൽ ഭാവിയിൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാകുമെന്ന വിലയിരുത്തലിൽ സർക്കാർ നിർദ്ദേശങ്ങളിൽ ഇളവ് അനുവദിക്കുമെന്ന പ്രതീക്ഷയിൽ പൊതുജന താൽപ്പര്യം പരിഗണിച്ച് നിലവിൽ ടെലികോം കമ്മിറ്റിയ്ക്ക് നൽകിയ നിവേദനങ്ങളിൽ അന്തിമ തീർപ്പാകുന്നതുവരെയും, ടവർ നിർമ്മിക്കുന്ന പ്രദേശങ്ങളിൽ ഉരുൾപ്പൊട്ടൽ ഭീഷണി ഇല്ലായെന്ന് ജിയോളജി വകുപ്പ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതുവരെയും നിർമ്മാണ പ്രവർത്തിയ്ക്ക് സെക്രട്ടറി നൽകിയ പെർമിറ്റ് മരവിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ പരിസരവാസികൾ നൽകിയ പരാതിയിന്മേൽ, കെട്ടിട നിർമ്മാണ പെർമിറ്റ് മരവിപ്പിക്കണമെന്ന് നിർദ്ദേശിച്ചുള്ള തീരുമാനമാണ് ഗ്രാമപഞ്ചായത്ത് പാസ്സാക്കിയിട്ടുള്ളതെന്നും, ഈ നിർദ്ദേശം പാലിക്കുന്നത് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നടപടികളിൽ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് യോഗത്തിൽ സെക്രട്ടറി അറിയിച്ചിരുന്നുവെങ്കിലും തുടർന്നും ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കിയിരിക്കുന്നുവെന്നും, 07.03.2013-ലെ 73816/ആർ.ഡി3/12/തസ്വഭവ സർക്കുലർ പ്രകാരം ബിൽഡിംഗ് റൂൾ പ്രകാരമുള്ള ലംഘനമുണ്ടെന്ന റിപ്പോർട്ട് കൂടാതെ നിലവിലുള്ള പെർമിറ്റ് റദ്ദ്

(തുടർച്ച.........2)

ചെയ്യുന്ന നടപടി നിയമാനുസൃതമല്ലെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത വിഷയം പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാർ തീരുമാനത്തിനായി റഫർ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ കോട്ടപ്പുറം വില്ലേജിൽ റിലയൻസ് ജിയോ ഇൻഫോകോമിന്റെ ടവർ നിർമ്മാണത്തിനായി 05.05.2018-ൽ ലഭ്യമായ അപേക്ഷയിന്മേൽ 27.06.2018-ന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനുശേഷം പ്രദേശവാസികൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് ടവർ നിർമ്മാണത്തിനെതിരെ നൽകിയ പരാതികളുടെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തിയ്ക്ക് സെക്രട്ടറി നൽകിയ പെർമിറ്റ് റദ്ദ് ചെയ്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. 07.03.2013-ലെ 73816/ആർ.ഡി3/12/തസ്വഭവ സർക്കുലർ പ്രകാരം ബിൽഡിംഗ് റൂൾ പ്രകാരമുള്ള ലംഘനമുണ്ടെന്ന റിപ്പോർട്ട് കൂടാതെ നിലവിലുള്ള പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ല. പ്രസ്തുത സാഹചര്യത്തിൽ, ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**സബിത എസ്.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം ആമുഖ കത്തോടുകൂടി).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
സെക്രട്ടറി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.